**കേരളസർക്കാർ**
**സംഗ്രഹം**

**<u>ഉത്തരവ്</u>**

തദ്ദേശ സ്വയംഭരണ വകുപ്പ്- ഗ്രാമവികസനം - ജീവനക്കാര്യം - മലപ്പുറം ജില്ലയിലെ കുഴിമണ്ണ ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ ഐ.എ.വൈ. ഭവനനിർമ്മാണ പദ്ധതിയിലെ ക്രമക്കേടുകൾ - കുഴിമണ്ണ ഗ്രാമപഞ്ചായത്തിലെ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ആയിരുന്ന ശ്രീമതി. മിനിമോൾ കെ.പി.-യെ സർവ്വീസിൽ പുനഃപ്രവേശിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ( ഇആർബി) വകുപ്പ്**

**സർക്കാർ ഉത്തരവ് (സാധാ) നമ്പർ.3144/2015/തസ്വഭവ, തിരുവനന്തപുരം,തീയതി, 19.10.2015**

---

പരാമർശം:-1. ഡയറക്ടർ, വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ 12.07.2013 ലെ ഇ10(എസ്.സി.08/2013/എംപിഎം)3568/2013 നമ്പർ കത്ത്.
2. പഞ്ചായത്ത് ഡയറക്ടറുടെ 07.10.2014 തീയതിയിലെ ഡി4 43513/13 നമ്പർകത്ത്.
3. സ.ഉ.(സാധാ) നമ്പർ 154/2015/തസ്വഭവ, തീയതി 17.01.2015.
4. ശ്രീമതി. മിനിമോൾ കെ.വി., വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ സമർപ്പിച്ച 16.02.2015 തീയതിയിലെ അപേക്ഷ.
5. വിജിലൻസ് വകുപ്പിന്റെ 08.09.2015 തീയതിയിലെ 1293/ഡി3/2015/വിജി നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

മലപ്പുറം ജില്ലയിലെ അരീക്കോട് ബ്ലോക്കിൽപ്പെട്ട കുഴിമണ്ണ ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ ഐ.എ.വൈ. ഭവന നിർമ്മാണ പദ്ധതിയിൽ വളരെയധികം ഗുരുതരമായ ക്രമക്കേടുകൾ നടന്നിട്ടുള്ളതായി വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറൊ നടത്തിയ സർപ്രൈസ് ചെക്കിന്റെ പരാമർശം (1) പ്രകാരമുള്ള റിപ്പോർട്ടിൽ സൂചിപ്പിച്ചിരുന്നു. തുടർന്ന് ടി വിഷയം സംബന്ധിച്ച് വിജിലൻസ് വകുപ്പിന്റെ നിർദ്ദേശ പ്രകാരം പഞ്ചായത്ത് ഡയറക്ടർ വിശദാന്വേഷണം നടത്തുകയും, ക്രമക്കേടുകൾക്ക് ഉത്തരവാദിയായ കുഴിമണ്ണ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ശ്രീമതി.മിനിമോൾ.കെ.പി. ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യുവാനും, ടി ക്രമക്കേടുകളിന്മേൽ വിജിലൻസ് അന്വേഷണം നടത്തുവാനും പരാമർശം (2) പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശുപാർശ ചെയ്യുകയുണ്ടായി.

മേൽ ശുപാർശയുടെ അടിസ്ഥാനത്തിൽ കുഴിമണ്ണ ഗ്രാമപഞ്ചായത്ത് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ആയിരുന്ന ശ്രീമതി.മിനിമോൾ.കെ.പി.-യെ പരാമർശം (3) പ്രകാരം

അന്വേഷണ വിധേയമായി സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യുകയുണ്ടായി. ടി വിഷയത്തിൽ ക്രമവിരുദ്ധമായി യാതൊന്നും ടിയാളുടെ ഭാഗത്തു നിന്നും ഉണ്ടായിട്ടില്ലെന്നും ആയതിനാൽ ടിയാളെ സർവ്വീസിൽ പുനഃപ്രവേശിപ്പിക്കണമെന്നും ആവശ്യപ്പെട്ടു കൊണ്ട് പരാമർശം (4) പ്രകാരം ശ്രീമതി.മിനിമോൾ.കെ.പി. സർക്കാരിൽ അപേക്ഷ സമർപ്പിച്ചിരുന്നു.

തുടർന്ന് 12.08.2015 തീയതിയിൽ കൂടിയ സസ്പെൻഷൻ റിവ്യൂ കമ്മിറ്റി മീറ്റിംഗ് ശ്രീമതി.മിനിമോളെ സർവ്വീസിൽ പുനഃപ്രവേശിപ്പിച്ച് ക്രമക്കേടു നടന്നിട്ടുള്ള കുഴിമണ്ണ ഗ്രാമപഞ്ചായത്തുൾപ്പെടുന്ന താലൂക്കിന് പുറത്ത് അപ്രധാനമായ തസ്തികയിൽ നിയമിക്കുവാൻ ശുപാർശ ചെയ്തിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കുഴിമണ്ണ ഗ്രാമപഞ്ചായത്ത് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ആയിരുന്ന ശ്രീമതി.മിനിമോൾ.കെ.പി.-യെ അച്ചടക്ക നടപടി/വിജിലൻസ് കേസ് തുടർന്നു കൊണ്ട് സർവ്വീസിൽ പുനഃപ്രവേശിപ്പിച്ച് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ടിയാളെ ക്രമക്കേടു നടന്ന കുഴിമണ്ണ ഗ്രാമപഞ്ചായത്തുൾപ്പെടുന്ന താലൂക്കിന് പുറത്ത് അപ്രധാനമായ തസ്തികയിൽ നിയമനം നൽകുന്നതിനുള്ള നടപടി ഗ്രാമവികസന കമ്മീഷണർസ്വീകരിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

മീരാറാണി.കെ.ജി.
ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി.മിനിമോൾ കെ.പി., വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ
കുഴിമണ്ണ ഗ്രാമപഞ്ചായത്ത്. (ഗ്രാമവികസന കമ്മീഷണർ മുഖേന)
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം
അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ), മലപ്പുറം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ), കേരള, തിരുവനന്തപുരം
വിജിലൻസ് (ഡി) വകുപ്പ് (Vide letter No.1293/D3/2015/Vig. dated 08.09.2015)
തദ്ദേശസ്വയംഭരണ (ഇപിബി) വകുപ്പ് (06.01.2015 ലെ 62447/ഇപിബി3/13/തസ്വഭവ നമ്പർ അനൗദ്യോഗിക കുറിപ്പ് പ്രകാരം)
ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം
ഓഫീസ് കോപ്പി/ സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ